No.12/CCSC/2015-SB
Clean Campus Safe Campus
SBCID Head Quarters
Pattom, Thiruvananthapuram
Dated : 29.05.2015

പ്രേഷിതൻ

സ്റ്റേറ്റ് കോ-ഓർഡിനേറ്റർ
ക്ലീൻ കാമ്പസ് സേഫ് കാമ്പസ്

സ്വീകർത്താവ്

ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യുക്കേഷൻ
പാലക്കാട്

3/6/15

സർ,

വിഷയം :- ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നത് സംബന്ധിച്ച്

2015-ലെ പുതിയ അദ്ധ്യയന വർഷം ആരംഭിക്കുന്ന ഈ അവസരത്തിൽ "ക്ലീൻ കാമ്പസ് സേഫ് കാമ്പസ്" പദ്ധതിയുടെ പ്രവർത്തനങ്ങൾ മുൻവർഷത്തേക്കാൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ചുവടെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1) പുതിയ അദ്ധ്യയന വർഷം സ്കൂൾ തുറന്ന് ആദ്യ ആഴ്ചയിലെ സ്കൂൾ അസംബ്ലിയിൽ തന്നെ "ക്ലീൻ കാമ്പസ് സേഫ് കാമ്പസ്" പദ്ധതിയുമായി ബന്ധപ്പെട്ട് ഉന്നത അധികാരികളിൽ നിന്നും തയ്യാറാക്കിയ ലഹരിവിരുദ്ധ പ്രതിജ്ഞ മുഴുവൻ കുട്ടികളെക്കൊണ്ടും എടുപ്പിക്കേണ്ടതാണ്.
2) Circular No. C1/901/TC/2009 പ്രകാരം വിദ്യാലയങ്ങളുടെ പരിസരം എന്നപോലെതന്നെ വിദ്യാലയങ്ങൾക്കകത്തും ഗതാഗത സുരക്ഷ ഉറപ്പുവരുത്തേണ്ടതാണ്.
3) സ്കൂളിന്റെ പരിസരത്തിന് 100 വാര വരെയുള്ള സ്ഥലങ്ങളിൽ ലഹരിവസ്തുക്കൾ വിൽക്കുന്നവർക്കെതിരെ COTPA, KP Act, NDPS Act പ്രകാരം കേസ്സെടുക്കുന്നതിന് നിർദ്ദേശംനൽകേണ്ടതാണ്.
4) സ്കൂൾ പരിസരത്ത് വച്ച് വിദ്യാർത്ഥികൾക്ക് മദ്യം, മയക്കുമരുന്ന് എന്നിവ കൈമാറുന്നവർക്കെതിരെ JJ Act, KP Act എന്നിവ പ്രകാരം കേസ്സെടുക്കുന്നതിന് നിർദ്ദേശം നൽകേണ്ടതാണ്.

5) Order No. 12362/B2/2009/Tran പ്രകാരം സ്കൂൾ ബസുകളിലും മറ്റ് വാഹനങ്ങളിലും വിദ്യാർത്ഥികളെ കയറ്റിക്കൊണ്ടുവരുമ്പോൾ പാലിക്കേണ്ട നടപടികൾ കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്. സ്കൂൾ ബസുകളുടെ കണ്ടീഷൻ, ഡ്രൈവർമാർ മദ്യപിച്ചിട്ട് വാഹനങ്ങളിൽ കുട്ടികളെ കൊണ്ടുവരുന്നുണ്ടോ എന്നീ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

6) എല്ലാ വിദ്യാലയങ്ങളിലെയും സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ സജീവമാക്കേണ്ടതും അവയുടെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതുമാണ്.

7) വിദ്യാർത്ഥികളെ റോഡ് ക്രോസ് ചെയ്യുന്നതിനും, വരിവരിയായി വാഹനങ്ങളിൽ കയറ്റുന്നതിനും സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.

8) സ്കൂൾ പരിസരം, ബസ് സ്റ്റാന്റ് എന്നിവിടങ്ങളിൽ ജൂൺ 1 മുതൽ തന്നെ പോലീസ്, ഹോം ഗാർഡ് എന്നിവരെ ബ്രീഫ് ചെയ്ത് ഡ്യൂട്ടിയ്ക്ക് നിയോഗിക്കേണ്ടതാണ്.

മേൽപറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

സ്റ്റേറ്റ് കോ-ഓർഡിനേറ്റർ
ക്ലീൻ കാമ്പസ് സേഫ് കാമ്പസ്

# ക്ലീൻ കാമ്പസ് സേഫ് കാമ്പസ്

## പ്രതിജ്ഞ

സമൂഹത്തിലെ തിന്മകളും ദുർവാസനകളും ഇല്ലാതാക്കാനും// നന്മയും സദ്ഗുണങ്ങളും പരിപോഷിപ്പിക്കുന്നതിനും ലക്ഷ്യമിട്ട്// സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന// ക്ലീൻ കാമ്പസ് സേഫ് കാമ്പസ് എന്ന പദ്ധതിയിൽ // പൂർണ്ണ പങ്കാളിയായി ഞാൻ പ്രവർത്തിക്കും.//

പുകയില ഉത്പന്നങ്ങൾ, മദ്യം, മയക്കുമരുന്ന് // തുടങ്ങിയ ലഹരിവസ്തുക്കൾ ഞാൻ ഉപയോഗിക്കില്ല.// സ്കൂളിലും മറ്റ് പൊതുസ്ഥലങ്ങളിലും // അവയുടെ നിയമവിരുദ്ധമായ ഉപയോഗം// തടയുന്നതിനുള്ള പ്രവർത്തനങ്ങളിൽ// ഞാൻ പങ്കാളിയാകും.//

വിദ്യാലയ പരിസരത്തും പൊതുസ്ഥലത്തും// ശുചിത്വവും ഗതാഗത സുരക്ഷയും ഉറപ്പാക്കുന്നതിന് // ഞാൻ പരമാവധി പരിശ്രമിക്കും.//

ഞാൻ സമൂഹത്തിൽ നിലവിലുള്ള // വ്യവസ്ഥാപിതമായ നിയമങ്ങളെ // സ്വമേധയാ അനുസരിക്കുമെന്നും // എന്നിൽ അന്തർലീനമായ കഴിവുകളെ // പരമാവധി പരിപോഷിപ്പിച്ച് // സമൂഹ നന്മയ്ക്കായി // പ്രയോജനപ്പെടുത്തുമെന്ന് ദൃഢപ്രതിജ്ഞ ചെയ്യുന്നു.//